**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5929 — 08/07/2013-ൽ മറുപടിയ്ക്ക്

# ജൈവ കൃഷി നടപ്പാക്കുന്നതിന് കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>,, ഹൈബി ഈഡൻ<br>,, എം.പി.വിൻസെന്റ്<br>,, വി.ഡി.സതീശൻ | **ശ്രീ. കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ജൈവ കൃഷി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | എ) സംസ്ഥാനത്ത് 2011-12 വർഷത്തിൽ 3500 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ജൈവ കൃഷി നടപ്പിലാക്കുന്നതിന് ഓർഗാനിക് ഫാമിംഗ് എന്ന പദ്ധതി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കി വരുന്നു. 2012-13 വർഷം കാസർഗോഡ് ജില്ലയിലെ 24 പഞ്ചായത്തുകളിൽ 3482.54 ഹെക്ടറിൽ ഈ പദ്ധതി നടപ്പിലാക്കി. 2013-14 വർഷം കാസർഗോഡ് ജില്ലയിൽ ആകെയുള്ള 41 പഞ്ചായത്തുകളിലും ഈ പദ്ധതി വ്യാപിപ്പിച്ചു നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയ്ക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ വി.എഫ്.പി.സി.കെ മുഖാന്തിരം 2012-13 സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രദർശനത്തോട്ടങ്ങളും കർഷക പരിശീലനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ജൈവകൃഷി സംബന്ധിച്ച് കർഷകരിലും പൊതുജനങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിനായി കൈപ്പുസ്തകങ്ങളും ലഘുലേഖകളും വിതരണം ചെയ്ത് വരുന്നു. വീട്ടുവളപ്പിലെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതനഗരി എന്ന പദ്ധതിയും വി.എഫ്.പി.സി.കെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നല്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ ഉണ്ടാക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ |

ജൈവകൃഷിയിടങ്ങളായി പ്രഖ്യാപിക്കുകയും ചെയ്യുന്ന PGS(Participatory Guarantee System) സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ കൗൺസിൽ നടത്തിവരുന്നു. ഇത് കൂടാതെ വി.എഫ്.പി.സി.കെ യെ Regional Council ആയി പരിഗണിച്ച് പഴം, പച്ചക്കറി മേഖലയിലെ ജൈവകൃഷിയുടെ സർട്ടിഫിക്കഷൻ ഏജൻസിയായി RCOF(Regional Centre for Organic Farming) ൽ എൻറോൾ ചെയ്യുന്നതിനുള്ള ശ്രമങ്ങളും നടത്തി വരുന്നു.

ജൈവകൃഷി പ്രോത്സാഹനം, ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികളാണ് ജൈവകൃഷി വ്യാപനത്തിന്റെ ഭാഗമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള നടപ്പിലാക്കുന്നത്.

ബി) എത്ര ഹെക്ടർ സ്ഥലത്താണ് ജൈവ കൃഷി നടപ്പാക്കിയത്; വിശദാംശ-ങ്ങൾ എന്തെല്ലാം;

ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 2011-12 വർഷത്തിൽ 3500 ഹെക്ടർ സ്ഥലത്ത് പുതുതായി ജൈവകൃഷി നടപ്പാക്കിയിട്ടുണ്ട്. ഇതിനായി 450 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗം, സുഗന്ധ വ്യഞ്ജന വിളകൾ എന്നിവ ജൈവ രീതിയിൽ ഉൽപ്പാദിപ്പിക്കുന്നതിന് ഹെക്ടറിന് 10,000/- രൂപാ നിരക്കിൽ ധനസഹായം നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽ 3482.54 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പാക്കിയിട്ടുണ്ട്.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് 1500 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ ജൈവകൃഷി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | ജില്ല | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1. | ഇടുക്കി | 500 |
| 2. | മലപ്പുറം | 250 |
| 3. | കോഴിക്കോട് | 150 |
| 4. | വയനാട് | 600 |

സി) ഏതെല്ലാം തദ്ദേശ തലത്തിലാണ് ജൈവകൃഷി നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ;

സി) 2012-13 വർഷത്തിൽ കാസർഗോഡ് ജില്ലയിലെ 24 പഞ്ചായത്തികളിലും തുടർന്ന് 2013-14 വർഷത്തിൽ കാസർഗോഡ് ജില്ലയിലെ 41 പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കൃഷി ഭവനുകൾ മുഖാന്തിരം ജൈവകൃഷി സംവിധാനം നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | കൃഷി ഭവനുകൾ |
|---|---|---|
| 1. | ഇടുക്കി | ബൈസൻവാലി, കൊന്നത്തടി, അടിമാലി, വെള്ളത്തൂവൽ, പള്ളിവാസൽ, മാങ്കുളം |
| 2. | മലപ്പുറം | വട്ടക്കുളം, പോത്ത്കല്ല്, ഊർനാക്ട്രി |
| 3. | കോഴിക്കോട് | പുറമേരി, മറുതോങ്കര |
| 4. | വയനാട് | ബത്തേരി, നൂൽപ്പുഴ, പുൽപ്പള്ളി |

ഡി) ജൈവകൃഷി വ്യാപനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ഡി) ജൈവകൃഷി ഘട്ടം ഘട്ടമായി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനുള്ള ജൈവ കൃഷി നയം സ.ഉ.39/10/കൃഷി തീയതി 10.02.2010 പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തുടക്കത്തിൽ കാസർഗോഡ് ജില്ലയിലും, പിന്നീട് ഘട്ടം ഘട്ടമായി എല്ലാ ജില്ലകളും ജൈവ കൃഷി പദ്ധതിയിലേയ്ക്ക് കൊണ്ടു വരാനാണ് ഉദ്ദേശിക്കുന്നത്.

2013-14 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി വ്യാപനത്തിന്റെ ഭാഗമായി ജൈവകൃഷി പ്രോത്സാഹനം, ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികളാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

വി.എഫ്.പി.സി.കെ. മുഖാന്തിരം കർഷകർക്കാവശ്യമായ പരിശീലനങ്ങൾ, സാങ്കേതിക സഹായങ്ങൾ എന്നിവ എത്തിച്ചു കൊടുക്കുന്നതിനും കർഷകർ ഉല്പാദിപ്പിക്കുന്ന വിഷരഹിതവും സുരക്ഷിതവുമായ ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുവാനും ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ